വനഭൂമി പതിച്ച് പട്ടയം നൽകിയ ഭൂമിയിൽ റിസർവ്വ് ചെയ്തു നിർത്തിയിരിക്കുന്ന വൃക്ഷങ്ങളുടെ സംരക്ഷണം മാത്രം ഉദ്ദേശിച്ച് നിർമ്മിച്ചിട്ടുള്ളതാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) KLA Rule, 1964, Rule 9 (2) അനുസരിച്ച് പട്ടയം നൽകിയിട്ടുള്ള റവന്യൂ തരിശു ഭൂമിയിൽ റിസർവ്വ് ചെയ്ത് നിർത്തിയിട്ടുള്ള വൃക്ഷങ്ങൾക്ക് പ്രസ്തുത റൂൾ ബാധകമാണോ ;

(സി) KLA Rule, 1964, Rule 9(2) അനുസരിച്ച് പട്ടയം നൽകിയിട്ടുള്ള റവന്യൂ തരിശുഭൂമിയിൽ റിസർവ്വ് ചെയ്യാതെ നിൽക്കുന്ന വൃക്ഷങ്ങൾക്ക് പ്രസ്തുത റൂൾ ബാധകമാണോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) The Kerala Forest (prohibition of felling of trees standing on land temporarily or permanently assigned) Rules 1995 എന്ന നിയമം താൽക്കാലികമായോ, സ്ഥിരമായോ പതിച്ചു നൽകിയിട്ടുള്ളതായ എല്ലാ സ്ഥലങ്ങളുടെയും പട്ടയത്തിൽ റിസർവ്വ് ചെയ്ത് നിർത്തിയിട്ടുള്ള വൃക്ഷങ്ങളുടെ സംരക്ഷണം മാത്രം ഉദ്ദേശിച്ച് നിർമ്മിച്ചിട്ടുള്ളതല്ല. 1964-ലെ KLA ചട്ടം 9 (2) Appendix-II-ലെ ഒന്നാം വ്യവസ്ഥ പ്രകാരം, പട്ടയം നൽകുന്ന സമയത്തുള്ളതോ, അതിനുശേഷം പ്രസ്തുത ഭൂമിയിൽ വളർന്നുവരുന്നതോ ആയ തേക്ക്, ഈട്ടി എബണി, ചന്ദനം എന്നീ മരങ്ങൾക്കും ഈ നിയമം ബാധകമാണ്.

(ബി) KLA റൂൾസ്, 1964 പ്രകാരം പട്ടയം നൽകിയിട്ടുള്ള റവന്യൂ തരിശു ഭൂമിയിൽ റിസർവ്വ് ചെയ്ത് നിർത്തിയിട്ടുള്ള വൃക്ഷങ്ങൾക്കും പ്രസ്തുത റൂൾ ബാധകമായിരിക്കും.

(സി) പട്ടയം നൽകുമ്പോൾ റിസർവ്വ് ചെയ്യാത്തതും എന്നാൽ ഭാവിയിൽ വളർന്നു വരുന്നതുമായ തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ ഇനം മരങ്ങൾക്കും പ്രസ്തുത റൂൾ ബാധകമാണ്.

തോട്ടങ്ങളിൽ നിന്ന് പാട്ടത്തുകയായി ഖജനാവിലെത്തുന്ന വരുമാനം

195 (2225) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പാട്ടവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന തോട്ടങ്ങൾ ഏതൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് ആകെ 65728.539 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 6 പൊതമേഖലാ സ്ഥാപനങ്ങൾക്കായി 44601.843 ഹെക്ടറും ഇതര സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കായി 11804.2998 ഹെക്ടറും, 783.7268 ഹെക്ടർ വിവിധ വ്യക്തികൾക്കായും കൂടാതെ ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ് ആക്ട്) 1980-ന്റെ പരിധിയിൽപ്പെട്ട 8538.68 ഹെക്ടർ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കായും പാട്ടത്തിനു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കോഴിക്കോട് ജില്ലയിൽ വന്യജീവികളുടെ ആക്രമണത്താൽ നാശനഷ്ടം സംഭവിച്ചവർ

196 (2227) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ വന്യജീവികളുടെ ആക്രമണത്താൽ നാശനഷ്ടം സംഭവിച്ചവർക്ക് വനംവകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ വർഷം നൽകിയ നഷ്ടപരിഹാരത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 197 അപേക്ഷകളിൻമേൽ 7,09,463 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ശല്യം കാരണമുള്ള കൃഷിനാശം

197 (2228) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ മുതലമട എലവഞ്ചേരി, നെന്മാറ, അയിലൂർ പഞ്ചായത്തുകളിൽ വന്യമൃഗങ്ങളുടെ ശല്യംകാരണം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ പ്രദേശങ്ങളിൽ ചെയ്തിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly